**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637** | **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നതിനുശേഷം നാളിതുവരെ അതുമായി ബന്ധപ്പെട്ട നിയമത്തിലെ ഒൻപതാം വകുപ്പ് പ്രകാരം കർഷകർക്കുള്ള അവകാശ ലാഭമായ കാർഷിക ഇൻസെന്റീവ് ഇനത്തിൽ എത്ര തുക ബോർഡിന് ലഭിച്ചിട്ടുണ്ട്; അത് ഏത് ഇനത്തിലാണ് ചെലവഴിച്ചത്; വ്യക്തമാക്കുമോ; | (എ) | കേരള കർഷക ക്ഷേമനിധി ആക്റ്റ് ഒൻപതാം വകുപ്പ് പ്രകാരം കർഷകരുടെ ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോത്പ്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവായി നിധിയിലേക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ഇനങ്ങളിൽ ബോർഡിന്റെ വരുമാനം സമാഹരിക്കുന്ന പദ്ധതി ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വിപണിയിൽ എത്തിക്കുന്ന വ്യാപാരികൾ/ സ്ഥാപനങ്ങൾ എന്നിവരുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | കാർഷിക ഇൻസെന്റീവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള കർഷക ക്ഷേമനിധി ആക്റ്റ് ഒൻപതാം വകുപ്പ് പ്രകാരം കർഷകരുടെ ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോത്പ്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവായി നിധിയിലേക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ഇനങ്ങളിൽ ബോർഡിന്റെ വരുമാനം സമാഹരിക്കുന്ന പദ്ധതി ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വിപണിയിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്ന വ്യാപാരികൾ/ സ്ഥാപനങ്ങൾ എന്നിവരുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ